# കൊടുവള്ളി ആർ ഒ ബി നിർമ്മിക്കുന്നതിന് അധിക ഭൂമി ഏറ്റെടുക്കൽ സാമൂഹ്യ ആഘാത പഠനം - കരട് റിപ്പോർട്ട്

കണ്ണൂർ ജില്ലയിൽ, കണ്ണൂർ താലൂക്കിൽ തലശ്ശേരി അംശം മണ്ണയാട് ദേശത്തിൽപെട്ട റീ സ 33/26 ലെ 2.28 ആർ ഭൂമി കൂടി, മേൽപദ്ധതിയുടെ സുഗമമായ പൂർത്തീകരണത്തിന് ആവശ്യമായി വന്ന സാഹചര്യത്തിൽ 2013 ലെ ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമത്തിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും അനുസൃതമായി , ഏറ്റെടുക്കുന്നതിന്റെ മുന്നോടിയായി സാമൂഹ്യ ആഘാത പഠനം നടത്തി തയാറാക്കിയ റിപ്പോർട്ടിന്റെ കരട് രൂപം.

## Executive Summary

- **Project and public purpose**

2017-18 കാലഘട്ടത്തിൽ, ദേശീയ പാതയിലല്ലാതെ ഒരു ആർ.ഒ.ബിക്ക് അനുമതി നൽകപ്പെട്ടത് കൊടുവള്ളിയിലാണ്. ഇതിനുശേഷം റെയിൽവേ മന്ത്രാലയം പ്രാദേശിക റോഡുകളിലും മേൽപ്പാലത്തിന് അനുമതി നൽകിവരുന്നുണ്ട്. ഈ ലെവൽ ക്രോസ്സ് തലശ്ശേരി, മമ്പറം, അഞ്ചരക്കണ്ടി, പിണറായി ഭാഗത്തേക്കുള്ള റോഡിലാണ്. ഈ ക്രോസിങ് വഴി ഇപ്പോൾ ഏകദേശം എഴുപതോളം ട്രെയിനുകൾ കടന്നുപോകുന്നുണ്ട്. ഒരു ട്രെയിനിന് ശരാശരി മൂന്നു മിനിറ്റ് കണക്കിലെടുത്താൽ 210 മിനിറ്റ് ഗേറ്റ് അടച്ചിടേണ്ടിവരുന്നു. പകൽ സമയത്ത് ഒരു മണിക്കൂറിൽ ഏകദേശം 1200 വാഹനങ്ങൾ ഈ ഗേറ്റ് വഴി കടന്നു പോകുന്നു. കൂടാതെ മമ്പറം ഭാഗത്തു നിന്നും വരുന്ന വലിയ ഭാര വാഹനങ്ങൾ ഇതുവഴി കടന്നു പോകുമ്പോഴും ഗതാഗത സ്തംഭനം ഉണ്ടാകുന്നു. ഈ ഗതാഗത കുരുക്ക് കണ്ണൂർ- തലശ്ശേരി ദേശീയപാതയിൽ, ഇരു വശത്തേക്ക് നീളുന്നതോടെ ഈ കുരുക്ക് കൂടുതൽ മുറുകുകയാണ് ചെയ്യുന്നത്. തലശ്ശേരിയിൽ ദൈനംദിന ആവശ്യങ്ങൾക്കായി അഞ്ചരക്കണ്ടി, മമ്പറം, പിണറായി തുടങ്ങിയ പ്രധാന സ്ഥലങ്ങളലിൽനിന്ന്, ഈ പ്രദേശങ്ങളുമായി ബന്ധപ്പെടുന്ന മറ്റു നിരവധി പ്രദേശങ്ങളിലെയും ആൾക്കാർക്ക് വലിയ പ്രശ്നം തന്നെയാണ്. ഇത് ഒഴിവാക്കുന്നതിനായി 2018- കാലത്ത് തന്നെ 63.95 ആർ സ്ഥലം ഏറ്റെടുക്കപ്പെടുകയും ആർ.ഒ.ബി യുടെ നിർമ്മാണം അതിവേഗത്തിൽ പുരോഗമിക്കുകയുമാണ്. ഏറെ ജനസാന്ദ്രതയേറിയ തലശ്ശേരിയുടെയും, പല കാര്യങ്ങൾക്കും ഈ പട്ടണത്തെ ആശ്രയിക്കുന്ന, നേരത്തെ മുകളിൽ വ്യക്തമാക്കിയ സ്ഥലങ്ങളിലുമുള്ള സാധാരണക്കാർക്ക് ഏറെ ആശ്വാസം നൽകുന്നതിനാണ് ഈ ആർ.ഒ.ബി. അതിനാൽ തന്നെ പൊതുജനാവശ്യാർത്ഥം തന്നെയാണ് ഈ പദ്ധതി. ഈ

പദ്ധതി പ്രദേശത്തിന്റെ കിഴക്കുഭാഗത്ത്, നിർമ്മാണ ആവശ്യത്തിനുള്ള യന്ത്രസാമഗ്രികളും, നിർമ്മാണ പ്രവർത്തനാവശ്യമായ മറ്റു അസംസ്കൃത വസ്തുക്കളും മറ്റും ഇപ്പോൾ കൊണ്ട് വരുന്നത്, റോഡിനു വടക്കുഭാഗത്തായുള്ള സ്വകാര്യ വ്യക്തിയുടെ സ്ഥലത്തുകൂടെയാണ്. ഈ വഴി തടസ്സപ്പെട്ടാൽ പ്രവർത്തനത്തിന് പ്രതികൂലമാകുന്ന അവസ്ഥ ഒഴിവാക്കാൻ ആണ് 2.28 ആർ അധിക ഭൂമി ഏറ്റെടുക്കുന്നത്.

- **<u>Location</u>**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന ഭൂമി തലശ്ശേരി താലൂക്കിൽ മണ്ണയാട് ദേശത്ത് റീ സ 33/26 ഇൽ പെടുന്ന 2.28 ആർ സ്ഥലം ഇല്ലിക്കുന്ന് വളവിൽ, കൊടുവള്ളി റെയിൽവേ ക്രോസിങ് കഴിഞ്ഞ ഉടനെ റോഡിൻറെ ഇടതുവശത്തോട് ചേർന്ന് കിടക്കുന്ന സ്ഥലമാണ്.

- **<u>Size and attributes of Land acquisition</u>**

ഈ സ്ഥലം, ഈ പദ്ധതിക്കായി നിലവിൽ ഏറ്റെടുക്കപെട്ട സ്ഥലത്തിനും കൊടുവള്ളി റോഡിനും ഇടയിലായി സ്ഥിതിചെയ്യുന്നു. നിലവിൽ ആർ.ഒ.ബി പ്രവൃത്തി ത്വരിത ഗതിയിൽ നടക്കുന്നതിനാൽ പ്രവൃത്തി സ്ഥലത്തേക്ക് യന്ത്രസാമഗ്രികളും നിർമ്മാണ സാമഗ്രികളും കൊണ്ട് ഇറക്കണമെങ്കിൽ ഈ സ്ഥലത്തുകൂടി മാത്രമേ സാധിക്കുകയുള്ളു. ഈ സ്ഥലം ഉടമ തടസ്സപെടുത്തിയാൽ പ്രവർത്തിയുടെ പുരോഗതി തന്നെ ഇല്ലാതാകും. റോഡിൽ നിന്ന് പ്രവൃത്തി സ്ഥലത്തേക്ക് വളരെ പെട്ടെന്ന് സാധനസാമഗ്രികൾ എത്തിക്കാൻ ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഈ 2.28 ആർ സ്ഥലം, ഈ സ്ഥലത്ത് കാര്യമായ ഒന്നും തന്നെ ഇല്ല. 5 തെങ്ങുകളും, 3 കവുങ്ങും, 2 തേക്ക് മരവുമാണ് ഉള്ളത്.

- **<u>Alternatives considered</u>**

ആർ.ഒ.ബി യുടെ പണി ത്വരിതഗതിയിൽ നടന്നുവരുന്നുണ്ട്. ആർ.ഒ.ബി യുടെ കിഴക്കു ഭാഗത്ത് ആവശ്യമായ യന്ത്ര, നിർമ്മാണ സാമഗ്രികൾ, റോഡിൽ നിന്ന് സൈറ്റിലേക്ക് എത്തിക്കുന്നത് ഈ സ്ഥലത്തിലൂടെയാണ്. ഉടമ തടസ്സം നിന്നാൽ ഇത് സാധിക്കാതെ വരും. ഈ ഒരു ട്രാൻസ്പോർട്ടേഷൻ സൗകര്യത്തിനാണ് ഈ ഭൂമി ഏറ്റെടുക്കുന്നത്.അതിനാൽ തന്നെ പകരം ഭൂമി എന്നത് പരിഗണിക്കാൻ നിർവാഹമില്ല.

- **<u>Social impacts</u>**

നേരത്തെ വ്യക്തമാക്കിയതുപോലെ കൊടുവള്ളി- മമ്പറം, പിണറായി, അഞ്ചരക്കണ്ടി റോഡിൽ ഇല്ലിക്കുന്ന് വളവിൽ, ആർ.ഒ.ബിക്കായി

ഏറ്റെടുക്കപെട്ട സ്ഥലത്തിന് ഇടയിലായി കിടക്കുന്ന ചെറിയ തുണ്ട് ഭൂമിയാണ്. ഈ പറമ്പിൽ ആകെയുള്ളത് 5 തെങ്ങുകളും, 3 കവുങ്ങും, 2 തേക്ക് മരവുമാണ്. ഈ സ്ഥലത്തു മറ്റു കെട്ടിടങ്ങളോ, പൊതുസ്ഥാപനങ്ങളോ ഇല്ല. ഈ സ്ഥലത്തെ ആശ്രയിച്ച് ആരും ഉപജീവനം നടത്തുന്നില്ല. ചെറിയ സ്ഥലം ആയതിനാൽ തന്നെ കാലാവസ്ഥയെയോ, പരിസ്ഥിതിയെയോ സ്വാധീനിക്കുന്നില്ല. ഇതുവഴി തൊഴിലിനോ വരുമാനത്തിനോ ആഘാതമുണ്ടാകുന്നില്ല.

- **Mitigation measures**

ഈ സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് ഉടമകൾക്കോ മറ്റാർക്കെങ്കിലുമോ ഒരു തരത്തിലുമുള്ള ആഘാതവും ഉണ്ടാകുന്നില്ല എന്ന വ്യക്തമാക്കിയതാണ്. അതിനാൽ തന്നെ, നിയമാനുസൃതം ലഭ്യമാക്കപ്പെടുന്ന, സ്ഥലത്തിന്റെയും അതിലെ അതിലെ ഉല്പാദന ക്ഷമതയും മൂല്യവുമുള്ള വൃക്ഷങ്ങളുടെയും നഷ്ടപരിഹാരം ലഭ്യമാക്കപ്പെടുമ്പോൾ തന്നെ ഉടമകൾക്ക് ആശ്വാസം ലഭിക്കുന്നു.

- **Detailed project description**

**Background of the project, including developer's background and governance/management structure**

ഇവിടെ 2.28 ആർ ഭൂമി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്, ഒരു പ്രത്യേക പ്രോജക്ടിന്റെ പൂർത്തീകരണത്തിനല്ല. പ്രൊജക്റ്റ് ആവശ്യത്തിന് നേരത്തെ തന്നെ 63.95 ആർ സ്ഥലം ഏറ്റെടുക്കപ്പെടുകയും ആർ.ഒ.ബി യുടെ പ്രവർത്തനം അതിവേഗത്തിൽ നടന്നു വരികയുമാണ്. മേൽപ്പാലത്തിന്റെ കിഴക്കേഭാഗത്തെ ലാൻഡിംഗ് സ്ഥലത്തേക്ക്, കൊടുവള്ളി - മമ്പറം റോഡിൽനിന്നും നിർമ്മാണ ആവശ്യത്തിനായുള്ള സാധന സാമഗ്രികൾ എത്തിക്കുന്നതിന് താത്കാലിക മണ്ണ് റോഡ് ഈ സ്ഥലത്തുകൂടെയാണ് കടന്നു പോകുന്നത്. ഈ സ്ഥലത്തിന്റെ ഉടമസ്ഥർ, ഇത് തടസ്സപെടുത്തിയാൽ, അത് പദ്ധതി പ്രവർത്തനത്തിന്റെ ഗതിവേഗത്തെ പ്രതികൂലമായി ബാധിക്കും. സുഗമമായ ഗതാഗതത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതിനാലാണ് ഈ സ്ഥലം ഏറ്റെടുക്കുന്നത്.

**Rationale for project including how the project fits the public purpose criteria listed in the act**

കൊടുവള്ളിയിൽ ഒരു ആർ.ഒ.ബി ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത ഒന്നാമത്തെ ഖണ്ഡികയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ കണ്ണൂർ ജില്ലയിൽ, ഏറെ തവണ അടഞ്ഞു കിടക്കുകയും അതുവഴി ഗുരുതരമായ ഗതാഗതകുരുക്ക് അനുഭവപ്പെടുകയും ചെയ്യുന്ന ഒന്നാണ് കൊടുവള്ളി റെയിൽവേ ഗേറ്റ്. പലപ്പോഴും ഇത് കണ്ണൂർ - തലശ്ശേരി NH-66 ന്റെ ഗതാഗതത്തെ പോലും ബാധിക്കാറുണ്ട്. ഇതിന്റെ ശാശ്വത പരിഹാരമായാണ് ROB

നിർമ്മിക്കപ്പെടുന്നത്. ഇതിന്റെ ഗുണഭോക്താക്കൾ ഇവിടത്തെ നാട്ടുകാരും, ഈ പരിസരപ്രദേശങ്ങളിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ചരിത്രത്തിന്റെ തിരുശേഷിപ്പിലേക്കും പോകുന്നവരാണ്.ഈ പ്രോജക്ടിന്റെ ആവശ്യത്തിനായാണ് ഈ ചെറിയ ഭൂമി ഏറ്റെടുക്കുന്നത്. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുപ്പ് പൊതു ആവശ്യാർത്ഥം തന്നെയാണ്.

**Details of project size, location, capacity, output, production targets, costs, risks**

കൊടുവള്ളി ആർ.ഒ.ബി എന്ന ബൃഹത്തായ പദ്ധതിക്കായി ആദ്യം തന്നെ 63.95. ആർ സ്ഥലം ഏറ്റെടുത്തു കഴിയുകയും, പ്രവൃത്തി അതിവേഗത്തിൽ പുരോഗമിക്കുകയുമാണ്. ഇവിടെ സ്ഥലം ഏറ്റെടുക്കുന്നത്, നേരത്തെ വ്യക്തമാക്കിയതുപോലെ ആർ.ഒ.ബി യുടെ കിഴക്കേ വശത്തെ ലാൻഡിംഗ് ഭാഗത്ത്, പ്രവർത്തനത്തിനാവശ്യമായ സാധന സാമഗ്രികൾ കൊണ്ടുവന്നിരുന്ന താൽകാലിക മാർഗ്ഗം തടസ്സപ്പെടാൻ സാധ്യതയുള്ളതിനാലാണ്.അങ്ങിനെ തടസ്സപെടുമ്പോൾ, പകരം സംവിധാനം ഒരുക്കാനുള്ള വേറെ സാഹചര്യം ഇല്ലാത്തതിനാലും, താത്കാലിക മാർഗ്ഗം ഉൾകൊള്ളുന്ന സ്ഥലം ഏറ്റെടുക്കൽ മാത്രമാണ് ഒരു പരിഹാരം. അതിന്നായിട്ടാണ് 2.28 ആർ സ്ഥലം എടുക്കുന്നത് എന്ന വ്യക്തമാക്കട്ടെ. ഇതിന്നാവശ്യമായി വരുന്ന സ്ഥലത്തിന്റെ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്ത്/ മുനിസിപ്പാലിറ്റി | വില്ലജ് | ദേശം | വിസ്തീർണം | സർവ്വേ നമ്പർ |
|---|---|---|---|---|---|
| 1 | തലശ്ശേരി മുനിസിപ്പാലിറ്റി | തലശ്ശേരി | മണ്ണയാട് | 2.28 ആർ | 33/26 |

**Examination of alternatives**

ആർ. ഒ.ബി നിർമ്മാണ സ്ഥലത്തേക്ക്, പ്രത്യേകിച്ച് കിഴക്കു ഭാഗത്ത് പ്രവർത്തിക്കാവശ്യമായ യന്ത്ര, സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള ഏക മാർഗ്ഗം എന്ന നിലയിലാണ് ഈ സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. അതിനാൽ തന്നെ പകരമായി മറ്റൊരു സ്ഥലം കണ്ടെത്തേണ്ട ആവശ്യമില്ല.

**Phases of project construction**

ഇവിടെ ഏറ്റെടുക്കപെടുന്നത് 2.28 ആർ ( 5.6 സെന്റ് ) സ്ഥലമാണ്. ഇത് നിലവിൽ നല്ല രീതിയിൽ പുരോഗമിച്ചു വരുന്ന പ്രൊജക്റ്റ് നിർമ്മാണത്തിനല്ല. പദ്ധതി നല്ല രീതിയിൽ തന്നെ പുരോഗമിക്കുന്നു. എന്നാൽ ആർ.ഒ.ബി യുടെ കിഴക്കു ഭാഗത്തെ ലാൻഡിങ്ങിൽ, നിർമ്മാണത്തിനായുള്ള യന്ത്ര, സാധന സാമഗ്രികൾ റോഡിൽ നിന്നും എത്തിക്കുന്ന മാർഗ്ഗം, തടസ്സപ്പെടാൻ ഇടയുള്ളതിനാൽ, ആ ഒരു പ്രയാസം

ദൂരീകരിക്കുക എന്ന ദീർഘ നിരീക്ഷണത്തോടെയാണ് സ്ഥലം ഏറ്റെടുക്കുന്നത്. അതിനാൽ തന്നെ കൊടുവള്ളി ആർ.ഒ.ബി എന്ന ബൃഹദ് പദ്ധതിയുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പരാമർശിക്കുന്നില്ല.

**Core design features and size and type of facilities**

ഇവിടെ ഏറ്റെടുക്കപെടുന്നത് 2.28 ആർ ( 5.6 സെന്റ് ) സ്ഥലമാണ്. ഇത് നിലവിൽ നല്ല രീതിയിൽ പുരോഗമിച്ചു വരുന്ന പ്രൊജക്റ്റ് നിർമ്മാണത്തിനല്ല. പദ്ധതി നല്ല രീതിയിൽ തന്നെ പുരോഗമിക്കുന്നു. എന്നാൽ ആർ.ഒ.ബി യുടെ കിഴക്കു ഭാഗത്തെ ലാൻഡിങ്ങിൽ, നിർമ്മാണത്തിനായുള്ള യന്ത്ര, സാധന സാമഗ്രികൾ റോഡിൽ നിന്നും എത്തിക്കുന്ന മാർഗ്ഗം, തടസ്സപ്പെടാൻ ഇടയുള്ളതിനാൽ, ആ ഒരു പ്രയാസം ദൂരീകരിക്കുക എന്ന ദീർഘ നിരീക്ഷണത്തോടെയാണ് സ്ഥലം ഏറ്റെടുക്കുന്നത്. അതിനാൽ തന്നെ കൊടുവള്ളി ആർ.ഒ.ബി എന്ന ബൃഹദ് പദ്ധതിയുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പരാമർശിക്കുന്നില്ല.

**Need of ancillary infrastructural facilities**

ബാധകമല്ല

**Details of social impact assessment/ Environment impact assessment if already conducted and any technical feasibility reports**

പദ്ധതി ആവശ്യത്തിനായി 63.95 ആർ സ്ഥലം ഏറ്റെടുക്കുന്ന സമയത്ത്, കയ്റോസ് കണ്ണൂർ വിശദമായ സാമൂഹ്യ ആഘാത പഠനം നടത്തി ശുപാർശ സഹിതം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

**Applicable law and policies**

പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറെറടുക്കപെടുമ്പോൾ, ഏറ്റെടുക്കപെടുന്ന ഭൂമിയുടെ ഉടമകൾക്കോ, ആ ഭൂമിയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കോ, വരുമാനത്തിനോ, ജീവനോപാദികൾക്കോ, പരിസ്ഥിതിക്കോ, പൊതുജനാരോഗ്യത്തിനോ ഉണ്ടാകുന്ന ആഘാതം പരമാവധി ലഘൂകരിക്കാൻ പര്യാപ്തമായതും, ഇവിടെ പ്രായോഗികവുമായ നിയമങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

1. RFCTLARR Act, 2013
2. RFCTLARR Act (Kerala) rules 2015
3. RTI Act 2005 etc

## Team composition approach, methodology and schedule of the Social Impact Assessment

കണ്ണൂർ ജില്ലയിൽ, തലശ്ശേരി താലൂക്കിൽ തലശ്ശേരി വില്ലജിലെ മണ്ണയാട് ദേശത്ത് 33/26 ലെ 2.28 ആർ അധിക ഭൂമി കൊടുവള്ളി ആർ.ഒ.ബി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് ഉത്തരവാദിത്വം നൽകിയിരിക്കുന്നത് കണ്ണൂർ ബർണശ്ശേരി ആസ്ഥാനമായി കഴിഞ്ഞ 23 വർഷക്കാലമായി പ്രവർത്തിച്ചു വരുന്ന, സംസ്ഥാന തലത്തിൽ സാമൂഹ്യ ആഘാത പഠന ഏജൻസിയായി എംപാനൽ ചെയ്യപ്പെട്ട, Track A NGO ആയ കയ്റോസ് (KAIROS Kannur Association For Integrated Rural Organization and Support) കണ്ണൂരിനെയാണ്. ഇത് സംബന്ധിച്ച ആധികാരികമായ വിജ്ഞാപനം 09.08.2023 ലെ 2651 നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠന യൂണിറ്റിന്റെ ഘടന താഴെ കാണിച്ചിരിക്കുന്നു.

## List of all team members with qualification

| ക്രമ നമ്പർ | പേര് | പദവി | വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | ഫാ. ജോർജ് മാത്യു<br>**Ph:9447793430** | ചെയർമാൻ | BSc Psychology |
| 2 | ഫാ. ഷൈജു പീറ്റർ<br>**ph: 9400371739** | അംഗം | MSW<br>sociologist |
| 3 | ശ്രീ കെ.വി.ചന്ദ്രൻ<br>**ph: 9846871777** | അംഗം | BA (Eco)<br>MA (His), Rt. Fisheries Dvlp Officer |
| 4 | ശ്രീമതി ജെസ്സി റെജി<br>**ph: 9947584887** | അംഗം | BA (Mal)<br>DCA<br>(ഡി.ടി.പി.ഓപ്പറേറ്റർ) |

## Description and rationale for the methodology and tools used to collect information for the social impact assessment

കൊടുവള്ളി ആർ.ഒ.ബിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് തലശ്ശേരി താലൂക്കിൽ തലശ്ശേരി വില്ലേജിലെ മണ്ണയാട് ദേശത്തിൽപ്പെട്ട 2.28 ആർ അധിക ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്താൻ, ആർ.ബി.ഡി.സി.കെ കണ്ണൂർ ആഫിസിലെ ഉദ്യോഗസ്ഥരുടെയും, തലശ്ശേരി നഗരസഭയിലെ മൂന്നാം ഡിവിഷൻ കൗണ്സിലറുടെയും സേവനം ലഭിച്ചിരുന്നു. കൂടാതെ സ്ഥലം ഉടമകളുടെ പ്രതിനിധികളും പഠന സമയത്ത് ഉണ്ടായിരുന്നു. നിലവിൽ കൊടുവള്ളി- മമ്പറം റോഡിനും കൊടുവള്ളി ആർ.ഒ.ബിക്ക് വേണ്ടി

ഏറ്റെടുത്ത സ്ഥലത്തിനും ഇടയിലുള്ള ഒരു ചെറിയ ഭാഗം സ്ഥലമാണിത്. അതിനാൽ തന്നെ Participatory Observation, Participatory Rural Appraisal, Informal interview with key Informants എന്നി ടൂളുകളും ഉപയോഗിച്ചിരുന്നു.

**Sampling methodology used**

**പഠനോപാധികൾ**

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ആരും തന്നെ താമസമില്ലാത്തതിനാലും അതിൽ തന്നെ സ്ഥാപനങ്ങളോ ഒന്നുമില്ലാത്തതിനാലും Participatory Rural Appraisal എന്ന ടൂൾ ഉപയോഗിച്ച് ആഘാത പഠനം നടത്തി.

**Overview of information/ data sources used**

കൊടുവള്ളി ആർ.ഒ.ബി യുടെ കിഴക്കു ഭാഗം അവസാനിക്കുന്ന സ്ഥലത്ത്, റോഡിൽ നിന്നും പദ്ധതി സ്ഥലത്തേക്ക് പോകാനും വരാനും ഉപയോഗിച്ചിരുന്ന വഴി, ചില സാഹചര്യങ്ങളിൽ തടസ്സപ്പെടാനുള്ള സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ അത് ഒഴിവാക്കുന്നതിനായാണ്, റോഡിനും പദ്ധതി പ്രദേശത്തിനും ഇടയിലുള്ള, ഈ ചെറിയ സ്ഥലം ഏറ്റെടുക്കുന്നത്. സ്ഥലം വിട്ടു നല്കാൻ ഉടമകളുടെ അവകാശികൾ തയാറാണ്. സ്ഥലം കാണിച്ചു തരാൻ സ്ഥലം ഉടമയുടെ അനന്തരാവകാശികൾ, തലശ്ശേരി മുനിസിപ്പാലിറ്റി III ആം ഡിവിഷൻ മെമ്പർ മഞ്ജിമ എന്നിവർ ഉണ്ടായിരുന്നു. അതിനാൽ തന്നെ ആവശ്യമായ വിവരശേഖരണത്തിനു പ്രയാസം അനുഭവപ്പെട്ടിട്ടില്ല.

**Schedule of consultations with key stakeholders and brief description of public hearings conducted**

**പൊതുഅവകാശവാദയോഗം**

ഈ സ്ഥലം ഏറ്റെടുക്കുമ്പോൾ പരിസര പ്രദേശത്തു, അതായത് റോഡിനു വടക്കു ഭാഗത്ത് ആരുമില്ല. ഉള്ളത് ഈ അവകാശികളുടെ കുടുംബക്കാർ മാത്രമാണ്. മാത്രവുമല്ല ഏറ്റെടുക്കാനുള്ള സ്ഥലം ഏതെങ്കിലും തരത്തിൽ ഉടമകളെ അല്ലാതെ മറ്റാരെയും ബാധിക്കുന്നില്ല. ലഭ്യമായ വിവരണങ്ങൾ ഇവരിൽ നിന്ന് ശേഖരിച്ചു കഴിഞ്ഞതാണ്. എന്നാലും നിയമത്തിൽ അനുശാസിക്കുന്ന രീതിയിൽ ഒരു പൊതു കേൾക്കൽ യോഗം തലശ്ശേരി വില്ലജ് ആഫീസിൽ വച്ച് 22.09.2023 നു രാവിലെ 11 മണിക്ക് വിളിച്ചു ചേർക്കുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് 9.9.2023 തീയ്യതിയിലെ കേരളകൗമുദി, സുദിനം എന്നീ ദിനപത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഭൂവുടമകൾക്ക് അറിയിപ്പ് റെജി.തപാലിൽ അയച്ചു കൊടുത്തിട്ടുണ്ട്. . നോട്ടീസിന്റെ പകർപ്പ് കണ്ണൂർ ജില്ലാ കളക്ടറുടെ

അറിവിലേക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അർത്ഥനാധികാരിയായ മാനേജിങ് ഡയറക്ടർ ആർ.ബി.ഡി.സി.കെ പാലാരിവട്ടം, കൊച്ചി, സ്പെ.തഹസിൽദാർ (എൽ.എ) KIIFB) കണ്ണൂർ, സെക്രട്ടറി കണ്ണൂർ മുനിസിപ്പാലിറ്റി, III )൦ വാർഡ് മെമ്പർ എന്നിവർക്കും , വില്ലജ് ഓഫീസർ തലശ്ശേരി എന്നിവർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ഉയർന്ന് വരുന്ന നിർദേശങ്ങൾ അർത്ഥനാധികാരിക്ക് അയച്ചു കൊടുത്തു അഭിപ്രായം വാങ്ങി, അന്തിമ റിപ്പോർട്ടിൽ ഉൾകൊള്ളിക്കുന്നതായിരിക്കും.

**Land assessment**

**Describe with the help of maps information from land inventory and primary sources.**

**ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം**

| ക്രമ നമ്പർ | വില്ലജ് | ദേശം | വിസ്തീർണം | സർവ്വേ നമ്പർ |
|---|---|---|---|---|
| 1 | തലശ്ശേരി | മണ്ണയാട് | 2.28 ആർ | 33/26 |

**Entire area of impacts under the influence of the project. (not limited to land area for acquisition)**

കൊടുവള്ളി ആർ.ഒ.ബി എന്ന പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കപെട്ട 63.95 ആർ ഭൂമിയോട് ചേർന്ന് കിടക്കുന്ന 2.28 ആർ അധിക ഭൂമിയാണ് ഇവിടെ ഏറ്റെടുക്കപെടുന്നത്. ആദ്യ ഘട്ടത്തിൽ സ്ഥലം ഏറ്റെടുക്കപെടുമ്പോൾ ഉണ്ടാകുന്ന ആഘാതത്തിന്റെ ഒരു ശതമാനം ആഘാതം പോലും ഇവിടെ ഉണ്ടാകുന്നില്ല. ഇവിടെ പാരിസ്ഥിതികമായ പ്രാധാന്യമുള്ള സ്ഥലമല്ല. ഈ ചെറിയ സ്ഥലത്ത്, നേരത്തെ വ്യക്തമാക്കിയതുപോലെ 5 തെങ്ങുകളും, മൂന്നു കവുങ്ങുകളും 2 തേക്കു മരങ്ങളുമാണ്. ഈ സ്ഥലം ഏറ്റെടുക്കപെടുമ്പോഴുണ്ടാകുന്ന ആഘാതം, ഈ സ്ഥലത്തിൽ മാത്രം ഒതുങ്ങുന്നു.

**Total land required for the project**

ഈ ഒരു പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കപെട്ട സ്ഥലത്തിന് പുറമെ 2.28 ആർ ഭൂമിയാണ് അധികമായി ഏറ്റെടുക്കപെടുന്നത്.

**Land (if any) already purchased alienated, leased or acquired, and the intented use for each plot of land required for the project**

കൊടുവള്ളി ആർ.ഒ.ബി യുടെ നിർമ്മാണത്തിനായി 20 സർവേ നമ്പറുകളിലെ 63.95 ആർ ഭൂമി ആദ്യ ഘട്ടത്തിൽ തന്നെ ഏറ്റെടുത്തു കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ 2.28 ആർ അധിക ഭൂമിയാണ് ഏറ്റെടുക്കപെടുന്നത്.

## Quantity and location of the land proposed to be acquired for the project

നേരത്തെ വ്യക്തമാക്കിയതുപോലെ, ഇല്ലിക്കുന്ന് വളവിൽ, റെയിൽവേ ഗേറ്റ് കഴിഞ്ഞു തലശേരി- മമ്പറം റോഡിനും, ആർ.ഒ.ബി ക്ക് വേണ്ടി ആദ്യ ഘട്ടത്തിൽ ഏറ്റെടുക്കപ്പെട്ടതും, അതിന്റെ കിഴക്കു ഭാഗത്തെ സ്ഥലത്തിനും ഇടയിലായുള്ള 2.28 ആർ സ്ഥലം ( 5.6 സെന്റ്) ആണ് ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്നത്.

## Nature, present use and classification of land and if agricultural land, irrigation Size of holding, ownership patterns, land distribution and number of residential houses

ആർ.ഒ.ബി യുടെ നിർമ്മാണ പ്രദേശത്തേക്ക്, കൊടുവള്ളി - മമ്പറം റോഡിൽ നിന്ന് എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഈ ഭൂമി തോട്ടം വിഭാഗത്തിലാണ്. ഇത് ഇപ്പോൾ ഒന്നിനും തന്നെ ഉപയോഗിക്കാതെ, വെറുതെ ഇട്ടിരിക്കുകയാണ്. ഇതൊരു കൃഷി ഭൂമിയല്ല. മരണപ്പെട്ട ചാത്തനാണ്ടിയിൽ കല്യാണിഅമ്മയുടെ പേരിലുള്ളതും അവരുടെ മക്കൾക്ക് അവകാശപെട്ടതുമായ നിലമാണ്. ഈ ഭൂമിയിൽ ആരും തന്നെ താമസിക്കുന്നില്ല.

## ഭൂമിയുടെഉടമസ്ഥർ

| ക്രമ നമ്പർ | **ഉടമസ്ഥന്റെപേര്** | വിസ്തീർണം | സ്വഭാവം |
|---|---|---|---|
| 1 | ചാത്തനാണ്ടിയിൽ കല്യാണിഅമ്മ (L) | 2.28 ആർ | തോട്ടം |

## Land prices and recent changes in ownership, transfer and use of lands over the last 3 years

ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല. ഈ ഉടമയുടെ ഭൂമി, ആദ്യ ഘട്ടത്തിൽ ഇതേ ആവശ്യത്തിനായി ഏറ്റെടുക്കപ്പെട്ടിരുന്നു. ഇവിടെ സ്ഥലത്തിന്ന് ഒരു സെന്റിന് ഏകദേശം 11 ലക്ഷത്തിനു മുകളിൽ വിലയുണ്ടെന്ന് അറിയാൻ കഴിഞ്ഞു. പദ്ധതിക്കായി

ഏറ്റെടുക്കപെട്ട ഭൂമിക്കും , കൊടുവള്ളി- മമ്പറം റോഡിനും ഇടയിലായി കിടക്കുന്ന ഈ ഭൂമിയിൽ കുറച്ചു തെങ്ങുകൾ, കവുങ്ങുകൾ, തേക്ക് എന്നിവയാണ് ഉള്ളത്.

## Estimation and enumeration (where required) of affected families and assets

### Estimation of families

(a) **Families which are directly affected (own land that is proposed to be acquired)**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന ഈ അധിക ഭൂമി പരേതനായ ചാത്തനാണ്ടിയിൽ കല്യാണി അമ്മയുടെ പേരിലാണ്. ഇവരുടെ മൂന്നു മക്കൾക്കും അവരുടെ മക്കൾക്കും അവകാശപ്പെട്ട ഭൂമിയാണ്. ആദ്യ ഘട്ടത്തിൽ ഇവരുടെ ഭൂമി ഈ പദ്ധതിക്കായി ഏറ്റെടുക്കപ്പെട്ടിരുന്നു.

**Family of scheduled tribes and other traditional forest dwellers who have lost any of their forest rights.**

ഇവിടെ അത്തരത്തിലുള്ള ഗിരിവർഗക്കാർ താമസിക്കുന്നില്ല

**Families which depend on common property resources which will be affected due to acquisition of land for their livelihood**

ഇല്ല

**Families which have been assigned land by the state government or the central government under any of its schemes and such land is under acquisition**

ഇല്ല

**Families which have been residing on any land in the urban areas for preceeding 3 years or more prior to the acquisition of the land**

ഇല്ല

**Families which are indirectly impacted by the project (not affected directly by the acquisition of own land)**

ഇല്ല

(a) **Inventory of productive assets and significant lands**

## Socio- economic and cultural profile (affected area and resettlement site)

### Demographic details of the population in the project area

ഇപ്പോൾ ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന 2.28 ആർ അധിക ഭൂമി ഒഴിഞ്ഞു കിടക്കുന്ന സ്ഥലമാണ്. ഇവിടെ ആരും തന്നെ താമസിക്കുന്നില്ല. അതിനാൽ പുനരധിവാസ പ്രശ്നമില്ല. അതിനാൽ ഇത് സംബന്ധമായ സാമൂഹ്യ- സാമ്പത്തിക - സാംസ്കാരിക രൂപരേഖ പരാമർശിക്കുന്നില്ല.

### Income and poverty levels

ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിനു സമീപത്തായി സ്ഥലം ഉടമയുടെ മക്കളും മറ്റും കുടുംബമായി താമസിക്കുന്നു. ഉടമയുടെ മക്കൾ പൊതുവെ നല്ല സാമ്പത്തീക സ്ഥിതിയിലാണ്.

### Vulnerable groups

ഇല്ല

### Land use and livelihood

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമി ഇപ്പോൾ വെറുതെ കിടക്കുന്നു. നേരത്തെ വ്യക്തമാക്കിയതുപോലെ 5 തെങ്ങ്, 3 കവുങ്ങ്, 2 തേക്ക് എന്നിവയുണ്ട്. ഈ സ്ഥലം ഉടമയുടെ മക്കളും, അവരുടെ മക്കളും പലതരത്തിലുള്ള ജോലികളിൽ ഏർപ്പെട്ടു വരുന്നു. ഈ സ്ഥലത്തെ ജീവനോപാധിയായി ആരും ആശ്രയിക്കുന്നില്ല.

### Local economic activities

നഗരവുമായി അടുത്ത് കിടക്കുന്ന പ്രദേശമാണ്. അതിനാൽ തന്നെ കമ്പനികളിലും മറ്റ് സ്ഥാപനങ്ങളിലും കടകളിലും ജോലി ചെയ്യുന്നു.

### Factors that contribute to local livelihood

കൊടുവള്ളി ഭാഗത്ത്, വാഹനഷോറൂം, മരക്കമ്പനി, ചെറിയ തരത്തിലുള്ള ഹോട്ടലുകൾ, വഴിയോര കച്ചവടം, എന്നീ ഘടകങ്ങളാണ് പ്രധാനമായിട്ടുള്ളത്. അതുപോലെ തന്നെ തലശ്ശേരി സഹകരണ ആശുപത്രി, ഇല്ലിക്കുന്നിലെ ഗുണ്ടർട്ട് ബംഗ്ലാവ്, NTTF എന്നിവയൊക്കെ പ്രാദേശിക ജീവനോപാധികളെ സഹായിക്കുന്ന ഘടകങ്ങളാണ്.

**Kinship patterns and social and cultural organizations.**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ആരും തന്നെ താമസിക്കുന്നില്ല എന്ന് സൂചിപ്പിച്ചിരുന്നുവല്ലോ. അതിനു വടക്കുഭാഗത്തായി സ്ഥലം ഉടമയായ, മരണപ്പെട്ട കല്യാണി അമ്മയുടെ മക്കളും, അവരുടെ കുടുംബങ്ങളും താമസിച്ചു വരുന്നു. റോഡിൻറെ തെക്കു ഭാഗത്തും ഒറ്റപ്പെട്ട കുടുംബങ്ങൾ താമസിച്ചു വരുന്നു.

ഇവിടെ സമീപ പ്രദേശത്ത് സാമൂഹ്യ സാംസ്കാരിക സംഘടനകൾ ഒന്നുമില്ല. എല്ലാ മത വിശ്വാസികളും ഒത്തൊരുമയോടെ താമസിക്കുന്ന അണുകുടുംബ സംവിധാനമാണ് ഉള്ളത്.

**Administrative organizations**

പ്രാദേശിക ഭരണസംവിധാനത്തിന്റെ ഭാഗമായ തലശ്ശേരി നഗരസഭയുടെ III ആം ഡിവിഷനിൽപെടുന്ന പ്രദേശമാണിത് (ഇല്ലിക്കുന്ന് ഡിവിഷൻ)

**Political organizations**

ഈ പ്രദേശത്ത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ബി.ജെ.പി, സി.പി.ഐ (എം) എന്നീ രാഷ്ട്രീയ പാർട്ടികളുടെ സ്വാധീനമുണ്ട്.

**Community based and civil society organizations**

എല്ലാ മതവിഭാഗങ്ങളും താമസിക്കുന്ന ഈ മേഖലയിൽ ഗുണ്ടർട്ട് മെമ്മോറിയൽ സി.എസ.ഐ പള്ളിയും, ചിറക്ക കാവ് ഭഗവതി ക്ഷേത്രവും ഉണ്ട്. ഈ പ്രദേശത്തിന്റെ സാമൂഹ്യ സാംസ്കാരിക വികാസത്തിന്റെ കേന്ദ്രങ്ങളായിരുന്നു ഇവ.

**Regional dynamics and historical change processes**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലം തലശ്ശേരി നഗരസഭയുടെ III ആം ഡിവിഷനായ ഇല്ലിക്കുന്നിലാണ്. ചരിത്ര വിദ്യാർത്ഥികൾക്കും വിനോദ സഞ്ചാരികൾക്കും ഏറെ പ്രിയപ്പെട്ട ഒരു സ്ഥലമായി ഇല്ലിക്കുന്ന് മാറിക്കഴിഞ്ഞിട്ടുണ്ട്. പൈതൃക ടൂറിസം പദ്ധതിയിലും പെടുന്ന ഒരു സ്ഥലമാണ് ഇല്ലിക്കുന്ന്. ഈ സ്ഥലം ഡോ.ഹെർമൻ ഗുണ്ടർട്ടുമായി ഏറെ ബന്ധപെട്ടു കിടക്കുന്നു. ജർമൻ പുരോഹിതനായ ഡോ.ഹെർമൻ ഗുണ്ടർട്ട് 1839 ഇൽ ഇല്ലിക്കുന്നിൽ എത്തുകയും 20 വർഷക്കാലം ഇവിടെ താമസിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ താമസകാലഘട്ടത്തിൽ ഒരു മലയാളം ലിത്തോ പ്രസ് സ്ഥാപിക്കുകയും, കേരളത്തിലെ ആദ്യത്തെ മലയാള പത്രമായ രാജ്യസമാചാർ, പശ്ചിമോദയം എന്നിവ പ്രസിദ്ധീകരിക്കുകയും ചെയ്തു. മലയാള ഭാഷയ്ക്ക് ഒരു

വ്യാകരണ പുസ്തകം(മലയാള ഭാഷാ വ്യാകരണം) (1859), 1872 ഇൽ മലയാളം - ഇംഗ്ലീഷ് ഡിക്ഷണറി എന്നിവയും നൽകുകയുണ്ടായി. കൂടാതെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു പ്രചാരണം നൽകുകയും സ്ത്രീകൾക്ക് സ്വയം തൊഴിൽ പരിശീലനത്തിനായി ടൈലറിംഗ് സെന്റർ ആരംഭിക്കുകയും ചെയ്തു വടക്കേ മലബാറിൽ ഒരു സാമൂഹ്യ സാംസ്കാരിക നവോത്ഥാനത്തിന് അടിത്തറയിടുകയും ചെയ്തു. 1839 ഇൽ ഇല്ലിക്കുന്നിൽ സ്ഥാപിച്ച സി.എസ്.ഐ പള്ളി ബാസൽ മിഷന്റെ കേരളത്തിലെ ആദ്യത്തെ പള്ളിയായിരുന്നു. 1839 മുതൽ 1846 വരെ ഈ പള്ളിവികാരിയായിരുന്നു ഡോ. ഗുണ്ടർട്ട് . സർക്കസ് കുലപതിയായിരുന്ന കീലേരി കുഞ്ഞിക്കണ്ണന്റെ ഓർമ്മകളും ഈ പ്രദേശത്തെ ധന്യമാക്കുന്നു.
ആധുനിക കാലഘട്ടത്തിൽ, അതായത് 1959 ഇൽ ഡോ. ഹെൻറിച്ച് ഹിൽസ്റ്റേൺ ആരംഭിച്ച CSI Technical Training Institute ആണ് 1963 ഇൽ പുനർനാമകരണം ചെയ്യപ്പെട്ട Nettur Technical Training Foundation തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ മേഖലയിൽ ഇന്നും ഏറെ ഉയർന്ന തലത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണിത്. വടക്കൻ മലബാറിലെ ഏറെ പഴക്കം ചെന്ന ദേവീക്ഷേത്രങ്ങളിൽ ഒന്നായ ശ്രീ ചിറക്കക്കാവ് ഭഗവതി ക്ഷേത്രം ഇല്ലിക്കുന്നിൽ സ്ഥിതി ചെയ്യുന്നു. കാളി ദിവ്യമായ മത്സ്യ രൂപത്തിൽ അഴിമുഖത്ത് പ്രത്യക്ഷപ്പെട്ടെന്നും, ദേവിയെ വന്ദിച്ച അന്നത്തെ കോലത്തിരി രാജാവ് ഇല്ലിക്കുന്ന് എന്ന പഴയ തപോവനത്തിൽ ക്ഷേത്രം നിർമ്മിച്ചെന്നും പറയപ്പെടുന്നു. ഇന്ന് പൊതുവെ മികച്ച ഒരു സാമൂഹ്യ സാമ്പത്തിക അവസ്ഥയാണ് ഈ പ്രദേശത്തിനുള്ളത്. ആധുനിക സമൂഹത്തിന്റെ ഒരു പരിച്ഛേദം തന്നെയാണ്. സർക്കാർ, സർക്കാരിതര സ്ഥാപനങ്ങളിൽ, വിദേശ രാജ്യങ്ങളിൽ ജോലിചെയ്യുന്നവരെ കൂടാതെ പെയിന്റിംഗ്, ലോട്ടറി തൊഴിലാളികളും ഈ മേഖലയിലുണ്ട്.

**Quality of living environment**

മികച്ച ജീവിത സാഹചര്യമാണ് ഉള്ളത്.

## Social Impact Management Plan

## Approach to mitigation

നേരത്തെ വ്യക്തമാക്കിയതുപോലെ തലശ്ശേരി-കൊടുവള്ളി- മമ്പറം റോഡിൽ, കൊടുവള്ളി റെയിൽവേ ഗേറ്റ് കഴിഞ്ഞ ഉടനെ, റോഡിനും പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ ഏറ്റടുക്കപെട്ട സ്ഥലത്തിനും ഇടയിലുള്ള 2.28 ആർ സ്ഥലമാണ് അധികമായി ഏറ്റെടുക്കാനുദ്ദേശിക്കുന്നത്. നിലവിൽ പദ്ധതി സ്ഥലത്തേക്ക് യന്ത്ര, നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നത് ഈ സ്ഥലത്തു കൂടെയാണ്. സ്ഥലം

ഉടമയായ സ്വകാര്യ വ്യക്തികൾ, ഇതുവഴിയുള്ള ഗതാഗതം തടസ്സപെടുത്തിയാൽ പദ്ധതി പ്രവർത്തനം താളം തെറ്റാനിടയുള്ള സാഹചര്യത്തിലാണ് അധിക സ്ഥലം ഏറ്റെടുക്കുന്നത്.

**Measures to avoid, mitigate and compensate impact**

ഈ സ്ഥലം പൊതുവെ ഒഴിഞ്ഞു കിടക്കുന്ന പറമ്പാണ്. നേരത്തെ സൂചിപ്പിച്ചപോലെ 5 തെങ്ങുകളും, 3 കവുങ്ങുകളും, 2 തേക്ക് മരങ്ങളുമാണ് ഈ പറമ്പിലുള്ളത്. ഈ പറമ്പിലെ വൃക്ഷങ്ങളെ ആശ്രയിച്ച് ആരും തന്നെ തൊഴിൽ ചെയ്യുന്നില്ല. ഇതിലെ വരുമാന നഷ്ടം ഉടമകൾക്ക് സാരമായ ആഘാതം ഉണ്ടാക്കുന്നില്ല. സ്ഥലം വിട്ടു നല്കാൻ ഉടമകൾ തയാറാണ്. ഈ പദ്ധതിക്കായി, ആദ്യഘട്ടത്തിൽ സ്ഥലം വിട്ടു നൽകിയ ഉടമകൾക്ക്, ആഘാത ലഘൂകരണ നടപടികളെ കുറിച്ച് ധാരണയുള്ളവരാണ്.അതിനാൽ തന്നെ നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും അനുസൃതമായ രീതിയിൽ സ്ഥലത്തിലും അതിലെ വൃക്ഷങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്നതോടെ ഉണ്ടാകാനിടയുള്ള ആഘാതം ഒഴിവാക്കാനും ലഘൂകരിക്കാനും പരിഹരിക്കാനും കഴിയുന്നു.

**സാമ്പത്തിക നടപടികൾ**

ആഘാത ലഘൂകരണത്തിനു പ്രത്യേക പാക്കേജുകൾ ഒന്നും തന്നെ ഇവിടെ ആവശ്യമില്ല. നിലവിൽ സ്ഥലത്തിനും അതിലെ വരുമാനദായകമായ അനുഭവങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്നതോടെ ഉടമകളുടെ ആഘാതം ഇല്ലാതാകുന്നു.

**പാരിസ്ഥിതിക നടപടികൾ**

സ്ഥലം ഏറ്റെടുപ്പ് പരിസ്ഥിതിയെ ഒരു തരത്തിലും സ്വാധീനിക്കാൻ ഇടയില്ലാത്തതിനാൽ പരിഹാര നടപടികൾ ഒന്നും തന്നെ ആവശ്യമില്ല.

**Measures that are included in the terms of rehabilitation and resettlement and compensation as outlined in the act**

അത്തരം നടപടികൾ ആവശ്യമില്ല.

**Measures that the requiring body has stated it will introduce in the project proposal**

അധിക ഭൂമി ഏറ്റെടുക്കുന്നതായതിനാൽ, പദ്ധതി രേഖയിൽ പ്രത്യേക നടപടികൾ പരാമർശിക്കുന്നില്ല.

**Alterations to project design and additional measures that may be required to address the extent and intensity of impacts across various groups as identified during the social impact assessment process**

ഇവിടെ അധിക സ്ഥലം ഏറ്റെടുക്കുന്നതുകൊണ്ട് ഒരു വിഭാഗത്തിനും പ്രശ്നങ്ങളോ പ്രയാസങ്ങളോ ഉണ്ടാകുന്നില്ല. ഈ സ്ഥലം ഏറ്റെടുത്താൽ മാത്രമേ നിലവിലെ റോഡിൽ നിന്ന് പദ്ധതി പ്രദേശത്തു എത്തിച്ചേരാനാകു. അതിനാൽ തന്നെ പ്രൊജക്റ്റ് ഡിസൈനെ ബാധിക്കുകയോ അതിന്നായി മാറ്റം വരുത്തുകയോ ചെയ്യേണ്ടതില്ല.

**Detailed mitigation plan**

ഇവിടെ 2.28 ആർ അധിക ഭൂമി ഏറ്റെടുക്കുന്നതുകൊണ്ട് ഭൂവുടമകൾ ഒഴികെ ആർക്കും തന്നെ ഒരു തരത്തിലുമുള്ള പ്രശ്നങ്ങളോ പ്രയാസങ്ങളോ ഉണ്ടാകുന്നില്ല എന്ന് വ്യക്തമാക്കിയതാണ്. അതിനാൽ തന്നെ വിശദമായ ആഘാത ലഘൂകരണ പദ്ധതി പ്രസക്തമല്ല. ഇവിടെ ഭൂമിക്കുള്ള വില എത്രയാണ് എന്നത് നേരത്തെ പരാമർശിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ സ്ഥലം വിട്ടു നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം ചെയ്ത ഉടമകൾക്ക് കൃത്യമായ വ്യക്തതയുണ്ട്.

**SIMP- Institutional framework**

- **Description of institutional structures and key person responsible for each mitigation measures**

1. RFCTLARR ആക്ട് പ്രകാരം ചുമത്തപ്പെട്ട റെവന്യൂ അധികൃതർ
2. ബന്ധപ്പെട്ട പഞ്ചായത്ത് അധികൃതർ
3. ആർ.ബി.ഡി.സി.കെയുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ
4. കിഫ്ബിയുടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ

- **Specify role of NGO's etc, if involved**

ഇല്ല

- **Indicate capacities required and capacity building plan, including technical assistance, if any**

ഇവിടെ ബാധകമല്ല.

- **Timelines for each activity**

നിയമത്തിലും ചട്ടത്തിലും പരാമർശിക്കുന്ന സമയ പരിധി

## Social impact management plan Budget and financing of mitigation plan

- **Cost of all resettlement and rehabilitation costs**

ഏറ്റെടുക്കപെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ മതിപ്പു വിലയായി 16,25,184 രൂപയും യാദൃശ്ചിക ചെലവുകൾക്കായി അതിന്റെ 5% ആയ 81,259 രൂപയും നീക്കിവച്ചതായി അറിയുന്നു.

- **Annual budget and plan of action**

ഏറ്റെടുക്കപെടുന്ന സ്ഥലത്തിനു നഷ്ടപരിഹാര തുക നിശ്ചയിക്കപ്പെട്ടു കഴിഞ്ഞാൽ വ്യക്തമായ നടപടി ബന്ധപ്പെട്ട അധികാരികളുടെ ഭാഗത്തുനിന്നുണ്ടാകും.

- **Funding sources with breakup**

ഈ പദ്ധതിക്ക് തുക നീക്കി വെക്കുന്നത് സർക്കാരിന്റെ കീഴിലുള്ള കിഫ്ബിയാണ്.

## SIMP- Monitoring and evaluation

- **Key monitoring and evaluative indicators**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

- **Reporting mechanisms and monitoring roles**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

- **Plan for independent evaluation**

2013 ലെ RFCTLARR ആക്ടിലെ വകുപ്പുകൾക്കും, 2015 ലെ RFCTLARR Act (Kerala) Rules നും വിധേയമായി

## Analysis of costs and benefits and recommendation on acquisition

### Final conclusions on:

- **Assessment of public purpose**

കൊടുവള്ളി ആർ.ഒ.ബി നിർമ്മാണത്തിനായി ആദ്യഘട്ടത്തിൽ 63.95 ആർ സ്ഥലം ഏറ്റെടുക്കുകയും, മേൽപ്പാലത്തിന്റെ നിർമ്മാണം ത്വരിതഗതിയിൽ പുരോഗമിക്കുകയുമാണ്. ഇവിടെ അധിക ഭൂമിയായി 2.28 ആർ സ്ഥലം ഏറ്റെടുക്കാനുദ്ദേശിക്കുന്നത് പാലത്തിന്റെ കിഴക്കു ഭാഗത്തുള്ള ലാൻഡിംഗ് ഭാഗത്താണ്. ഇവിടെ നിർമ്മാണത്തിനാവശ്യമായ മുഴുവൻ സാധന സാമഗ്രികളും ഇറക്കുന്നത് സ്വകര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു കൂടെയാണ്. ഈ സ്ഥലത്തുകൂടെയുള്ള ഗതാഗതം സ്വകാര്യ വ്യക്തി തടസ്സപ്പെടുത്തുന്ന സാഹചര്യം ഉണ്ടായാൽ, പകരം സംവിധാനം ഏർപ്പെടുത്താൻ ഏറെ പ്രയാസകരമാണ്. ഈയൊരു സാഹചര്യത്തിൽ അധിക ഭൂമി ഏറ്റെടുക്കാൻ തീരുമാമണിക്കുന്നത്. സ്ഥലം നിയമാനുസൃതം വിട്ടു നല്കാൻ ഉടമകൾ തയ്യാറാകുകയും സ്ഥലം ഏറ്റെടുക്കാൻ ആർ.ബി.ഡി.സി.കെ തയ്യാറാകുകയും ചെയ്യുന്ന സാഹചര്യത്തിൽ, പദ്ധതി പ്രവർത്തനം ഒരു ബുദ്ധിമുട്ടുമില്ലാതെ പൂർത്തീകരിക്കാൻ സാധിക്കുന്നു. ആമുഖത്തിൽ വ്യക്തമാക്കിയതുപോലെ പിണറായി, മമ്പറം, അഞ്ചരക്കണ്ടി മുതലായ സ്ഥലങ്ങളിലെ സാധാരണക്കാർ, നിരന്തരം തലശേരിയുമായി ബന്ധപ്പെടുന്നത് കൊടുവള്ളി ലെവൽ ക്രോസ്സ് വഴിയാണ്. പൈതൃക പട്ടികയിൽ ഇടം പിടിച്ച ഗുണ്ടർട്ട് ബംഗ്ലാവ്, ഡോ ഗുണ്ടർട്ട് മെമ്മോറിയൽ സി.എസ്.ഐ ചർച്ച് എന്നിവ സ്ഥിതി ചെയ്യുന്നതും ലെവൽ ക്രോസ്സിന്റെ കിഴക്ക് ഭാഗത്താണ്. ഒരു ദിവസം രണ്ടു മണിക്കൂറിലേറെ അടഞ്ഞു കിടക്കുന്ന സാഹചര്യത്തിൽ  പൊതു ജനങ്ങൾ അനുഭവിക്കുന്ന കഷ്ടനഷ്ടങ്ങൾ വിവരണാതീതമാണ്. ഗേറ്റിൽ വാഹനങ്ങൾ കുരുങ്ങുന്നത് ദേശീയപാത 66 ഇൽ കണ്ണൂർ - തലശ്ശേരി ഭാഗത്ത് വരെ നീണ്ടു നിൽക്കുന്നു. ഓഫാക്കാൻ മടിക്കുന്ന വാഹനങ്ങൾ പുറപ്പെടുവിക്കുന്ന കാർബൺ ഓക്സൈഡുകളായ കാർബൺ ഡയോക്സൈഡ്, കാർബൺ മോണോക്സൈഡ്, നൈട്രജൻ ഓക് സൈഡുകൾ എന്നിവ അന്തരീക്ഷ വായുവിനെ മലിനപ്പെടുത്തുകയും സമൂഹത്തിന്റെ ആരോഗ്യത്തിനു ഭീഷണിയാകുകയും ചെയ്യുന്നു. അതുപോലെ തന്നെ ഇന്ധനനഷ്ടവും ഉണ്ടാകുന്നു. ഏറ്റവും പ്രയാസം അനുഭവപ്പെടുന്നത് പൊതു സമൂഹത്തിനാണ്. ഈയൊരു പ്രശ്ന പരിഹാരത്തിനായി നിർമ്മിക്കപ്പെടുന്ന ആർ.ഒ.ബി പൊതുസമൂഹത്തിനു തന്നെയാണ്.

- **Less displacing alternatives**

പദ്ധതി പ്രദേശത്തിന്റെയും തലശ്ശേരി- കൊടുവള്ളി മമ്പറം റോഡിന്റെയും ഇടയിൽ കിടക്കുന്ന ഈ സ്ഥലം ഏറ്റെടുക്കപെട്ടാൽ മാത്രമേ, ഉദ്ദേശിക്കുന്ന

ലക്ഷ്യം കൈവരിക്കാനാകുകയുള്ളു. ഈ സ്ഥലം ഏറ്റെടുപ്പ് ഒരു തരത്തിലുള്ള ആഘാതവും ഉണ്ടാക്കുന്നില്ല എന്ന് വ്യക്തമായ സാഹചര്യത്തിൽ, ഈ സ്ഥലം മാറ്റി മറ്റൊരു സ്ഥലം കണ്ടെത്താൻ സാധിക്കില്ല.

- **Minimum requirement of land**

ഈ പദ്ധതിക്കായി ആവശ്യമുള്ള ഏറ്റവും കുറഞ്ഞ അധിക ഭൂമി മാത്രമാണ് ഏറ്റെടുക്കപെടുന്നത്.

- **Nature and intensity of social impacts**

ഈ അധിക സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് ഗൗരവതരത്തിലുള്ള ആഘാതങ്ങൾ ഒന്നുംതന്നെ ഉണ്ടാകുന്നില്ല എന്ന് വ്യക്തമാക്കിയതാണ്. സ്ഥലവും അതിലുള്ള ഫലവൃക്ഷങ്ങളും വിട്ടുകൊടുക്കുമ്പോഴുണ്ടാകുന്ന ആഘാതങ്ങൾ, നിയമാനുസൃതമുള്ള നഷ്ടപരിഹാരം ലഭിക്കുന്നതോടെ ഇല്ലാതാകുന്നു.

- **Viable mitigation measures extent to which mitigation measures will address costs**

ഈ അധിക സ്ഥലം ഏറ്റെടുക്കുന്നത് കൊണ്ട് ഒരു തരത്തിലുമുള്ള സാമൂഹ്യ ആഘാതങ്ങളും ഉണ്ടാകുന്നില്ല എന്ന് വ്യക്തമാക്കിയതാണ്. സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതോടെ അവർക്കുണ്ടാകുന്ന പ്രയാസങ്ങൾ ഒഴിവാകുന്നു. ദൂരവ്യാപകമായ ഏറെ സദ്ഫലങ്ങൾ, വലിയ ഒരു ജന സമൂഹത്തിനു ലഭിക്കാൻ ഇടയാക്കുന്ന ഈ ആർ.ഒ.ബിയുടെ നിർമ്മാണ പൂർത്തീകരണത്തിനായി അധിക ഭൂമി ഏറ്റെടുക്കാനാവശ്യമായ തുകയുടെ മൂല്യത്തിന്റെ എത്രയോ മടങ്ങ് മൂല്യമാണ് പദ്ധതിയിലൂടെ ഏറെകാലം സമൂഹത്തിനു ലഭ്യമാകുന്നത്.

- **Final recommendation on whether the acquisition should go through or not**

ഇവിടെ പദ്ധതി പൂർത്തീകരണത്തിന് അധിക ഭൂമി ഏറ്റെടുക്കുന്നത് കൊണ്ട് ഒരു തരത്തിലുമുള്ള സാമൂഹ്യ ആഘാതങ്ങളും ഉണ്ടാകുന്നില്ല എന്നത് പ്രത്യേകം പരാമർശിക്കുന്നു. ഈ പദ്ധതിക്കായി ആദ്യഘട്ടത്തിൽ സ്ഥലം വിട്ടു നൽകുകയും നഷ്ടപരിഹാരം ലഭിക്കുകയും ചെയ്ത ഉടമകൾ, ഇവിടെ സ്ഥലം വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചതാണ്. ലഭിക്കാൻ സാധ്യതയുള്ള നഷ്ടപരിഹാരത്തെ കുറിച്ച് ഇവർക്ക് നല്ല വ്യക്തതയുണ്ട്. അതിനാൽ ഈ അധിക സ്ഥലം ഏറ്റെടുക്കുന്നത് മൂലം ആർക്കെങ്കിലും തൊഴിലിനോ,

വരുമാനത്തിനോ, പൊതുഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ, പരിസ്ഥിതിക്കോ ഒരു തരത്തിലുമുള്ള ആഘാതവും ഉണ്ടാകാനിടയില്ലാത്ത സാഹചര്യത്തിൽ ഈ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ്.

**07/09/2023**

**ചെയർമാൻ**
**സാമൂഹ്യ ആഘാത പഠന യൂണിറ്റ്**
**(കയ്റോസ്, കണ്ണൂർ)**